# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2025 17/06/2014-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷൻ -പുതിയ നിബന്ധനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>'' കെ. രാജു<br>'' മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ പൊളിച്ചുപണിയുന്നവർക്ക് നിലവിലുള്ള വൈദ്യുതി കണക്ഷൻ ഉപയോഗിക്കാൻ പാടില്ലെന്ന നിബന്ധന ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ നിബന്ധനകളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | **(എ) യും (ബി)യും**<br><br>നിലവിലുള്ള കെട്ടിടങ്ങൾ മുഴുവനായും പൊളിച്ചുപണിയുമ്പോൾ വൈദ്യുതി കണക്ഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച താഴെപ്പറയുന്ന വ്യവസ്ഥകൾ 2014-ലെ സപ്ലൈകോഡിൽ(റഗുലേഷൻ 43) നിഷ്കർഷിച്ചിട്ടുണ്ട്.<br>1. നാളിതുവരെയുള്ള കുടിശ്ശിക തീർത്ത്, എഗ്രിമെന്റ് അവസാനിപ്പിച്ച് കണക്ഷനുകൾ അഴിച്ചുമാറ്റേണ്ടതാണ്.<br>2. നിലവിലെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കുടിശ്ശികയിൽ വകകൊള്ളിച്ച് ശേഷം അധികമുള്ള തുക ഉപഭോക്താവിന് തിരികെ നൽകേണ്ടതാണ്.<br>3. നിലവിലെ കണക്ഷനിൽ നിന്നും യാതൊരു കാരണവശാലും താൽക്കാലിക കണക്ഷൻ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നൽകരുത്.<br>4. വേണമെങ്കിൽ പുതിയ താൽക്കാലിക കണക്ഷൻ എടുക്കേണ്ടതും, നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിന് പുതിയ |

C...21

കണക്ഷൻ നേടേണ്ടതുമാണ്.

5. ബി.പി.എൽ വിഭാഗത്തെ മേൽപ്പറഞ്ഞ നാല് വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

(സി) ഉപഭോക്താക്കൾക്ക് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഇത്തരം നടപടികൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ?

(സി) അപേക്ഷകർക്ക് കണക്ഷൻ നൽകുന്നതിനും, ഉപഭോക്താക്കളിൽ നിന്ന് ചാർജ്ജ് പിരിക്കുന്നതിനുമുള്ള നടപടിക്രമങ്ങളും, വ്യവസ്ഥകളും രൂപപ്പെടുത്തുന്നതിനു വേണ്ടിയുള്ള അധികാരവും, ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണുള്ളത്.

**സെക്ഷൻ ഓഫീസർ**